# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1040** 21/03/2013 ൽ മറുപടിക്ക്

**ഐ.ടി. അറ്റ് സ്കൂളിൽ ചട്ടങ്ങൾ മറി കടന്ന് നിയമനത്തിന് വിജ്ഞാപനം ചെയ്ത നടപടി**

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| | ശ്രീ. എം. ഹംസ<br>,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>,, ജെയിംസ് മാത്യു<br>,, എ. എം. ആരിഫ് | | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) | പൊതുവിദ്യാഭ്യാസ വകുപ്പിൽ ഐ.ടി അറ്റ് സ്കൂളിൽ മാസ്റ്റർ ട്രെയിനർമാരെ നിയമിക്കുന്നതിന് ചട്ടങ്ങൾ മറികടന്ന് വിജ്ഞാപനം ചെയ്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ചട്ടങ്ങൾ മറികടന്ന് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല |
| ബി) | പൊതുവിദ്യാഭ്യാസ ചട്ടമനുസരിച്ച് ഐ.ടി അറ്റ് സ്കൂളിൽ നിയമനാധികാരം ആർക്കാണ് നൽകിയിട്ടുള്ളത്; വിജ്ഞാപനം പുറപ്പെടുവിച്ച ഉദ്യോഗസ്ഥൻ ആരാണ്; ഈ ഉദ്യോഗസ്ഥന് ചട്ടമനുസരിച്ച് ഇതിന് അധികാരമുണ്ടോ; | ബി) | പ്രോജക്റ്റിലേക്ക് മാസ്റ്റർ ട്രെയിനർമാർമാരെ നിയമിക്കുന്നതിനുള്ള അധികാരം പൊതു വിദ്യാഭ്യാസ ഡയറക്ടർക്കാണ്. ഡിപിഐ യുടെ രേഖാമൂലമുള്ള അനുമതിയുടെ അടിസ്ഥാനത്തിൽ എക്സിക്യൂട്ടീവ് ഡയറക്ടറാണ് വിജ്ഞാപനം പുറപ്പെടുവിച്ചത് |
| സി) | ഇതേ തുടർന്ന് ഐ.ടി. അറ്റ് സ്കൂൾ ചുമതലയിൽ നിന്നും ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർ വകുപ്പ് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ടോ; | സി) | ഇല്ല |
| ഡി) | യോഗ്യതയില്ലാത്തവരെ ഈ സ്ഥാപനത്തിൽ നിയമിക്കുന്നതിനാണ് ചട്ടം മറികടന്ന് നിയമനത്തിന് വിജ്ഞാപനം ചെയ്തിട്ടുള്ളത് എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; | ഡി) & ഇ) | ചട്ടം മറികടന്ന് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല |
| ഇ) | ചട്ടവിരുദ്ധമായ നോട്ടിഫിക്കേഷൻ | | |

| | | | |
|---|---|---|---|
| | റദ്ദാക്കാൻ തയ്യാറാകുമോ; | | |
| എഫ്) | ഐ.ടി. അറ്റ് സ്കൂളിൽ നിന്നും 34 പേരെ പിരിച്ചു വിട്ടത് ഡി.പി.ഐ യുടെ ഉത്തരവനുസരിച്ചാണോ എന്ന് വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ ഡി.പി.ഐ വിശദീകരണം തേടിയിട്ടുണ്ടോ? | എഫ്) | പ്രോജക്ടിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ പ്രവർത്തിച്ചിരുന്ന 34 അധ്യാപകരെ അവരവരുടെ മാതൃവിദ്യാലയങ്ങളിലേക്ക് തിരിച്ചയക്കുന്നതിന് ഡിപിഐ യുടെ വാക്കാലുള്ള അംഗീകാരം ഉണ്ടായിരുന്നു. |

സെക്ഷൻ ഓഫീസർ